**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.947** | **06.06.2018-ൽ മറുപടിയ്ക്ക്**

## നെയ്യാറ്റിൻകരയിലെ കെ.എസ്.എഫ്.ഡി.സി. തിയേറ്റർ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.കെ.ആൻസലൻ | | ശ്രീ.എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ മന്ത്രി) |
| (എ) നെയ്യാറ്റിൻകരയിൽ കെ.എസ്.എഫ്.ഡി.സി. ആരംഭിക്കാൻ പോകുന്ന തിയേറ്ററിന്റെ ഡി.പി.ആർ. കിറ്റ്കോ പൂർത്തീകരിച്ച് കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; | (എ) | നെയ്യാറ്റിൻകരയിൽ ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സിനിമാ തിയേറ്ററിന്റെ ഡി.പി.ആർ കൺസൾട്ടിംഗ് ഏജൻസിയായ കിറ്റ്കോയുടെ നേതൃത്വത്തിൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുകയാണ്. ഡി.പി.ആർ ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതിയുടെ അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിക്കുന്നതാണ്. |
| (ബി) നെയ്യാറ്റിൻകരയിൽ ആരംഭിക്കുന്ന കെ.എസ്.എഫ്.ഡി.സി. തിയേറ്ററിന് എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കാമോ; | (ബി) | ഡി.പി.ആർ ലഭിച്ചാൽ മാത്രമേ ചെലവ് സംബന്ധിച്ച വിരങ്ങൾ ലഭ്യമാകുകയുള്ളൂ. |
| (സി) കെ.എസ്.എഫ്.ഡി.സി. നെയ്യാറ്റിൻകരയിൽ ആരംഭിക്കുന്ന തിയേറ്ററിൽ എന്തൊക്കെ സൗകര്യങ്ങൾ ആണ് ഒരുക്കുന്നത്; എത്ര പേർക്ക് ഇരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ; | (സി) | അത്യാധുനിക സാങ്കേതിക വിദ്യകൾ ഉൾപ്പെടുത്തി 150 സീറ്റുകൾ വീതമുള്ള രണ്ടു തിയേറ്ററുകൾ പണിയുന്നതിനാണ് ഉദ്ദേശിക്കുന്നത്. പ്രസ്തുത തിയേറ്ററുകളിൽ ഗുണനിലവാരമുള്ള സീറ്റുകൾ, ശീതീകരണ സംവിധാനം, 2 കെ/4 കെ പ്രൊജക്ഷൻ സംവിധാനം, 7.1 സൗണ്ട് സൗണ്ട് സിസ്റ്റം തുടങ്ങിയ അത്യാധുനിക സൗകര്യങ്ങളാണ് ഒരുക്കുന്നത്. |
| (ഡി) കെ.എസ്.എഫ്.ഡി.സി. തിയേറ്റർ ഏത് വർഷത്തിൽ പണി പൂർത്തീകരിച്ച് തുറന്നു നൽകാൻ കഴിയും എന്ന് വ്യക്തമാക്കാമോ? | (ഡി) | 2018 അവസാനത്തോടെ പണി പൂർത്തിയാക്കാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. |

സെക്ഷൻ ഓഫീസർ